പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6109 | 07.07.2014 ൽ മറുപടിയ്ക്ക് |
|---|---|
| വിദ്യാലയങ്ങളിലെ സൈക്കോ-സോഷ്യൽ കൗൺസലിംഗ് | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ്** | **ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലേക്കും സൈക്കോ-സോഷ്യൽ കൗൺസിലേഴ്സിന്റെ സേവനം വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) സൈക്കോ-സോഷ്യൽ സർവ്വീസസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ തിരഞ്ഞെടുത്ത 500 സ്കൂളുകളിൽ സ്കൂൾ കൗൺസലിംഗ് നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ പുതുക്കിയ ധാരണാ പത്രത്തിൽ സ്കൂൾ കൗൺസിലേഴ്സിന്റെ പ്രവർത്തന മേഖല ഒരു സ്കൂളിൽ നിന്നും ഒന്നിലധികം സ്കൂളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുള്ളതിനാൽ ഏകദേശം ആയിരത്തോളം സ്കൂളുകളെ ഈ പദ്ധതിയ്ക്ക് കീഴിൽ കൊണ്ടുവരാൻ സാധിക്കും. കൂടാതെ 187 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) നിലവിൽ സൈക്കോ-സോഷ്യൽ കൗൺസിലേഴ്സിന്റെ സേവനം വിദ്യാലയങ്ങളിൽ ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്. സൈക്കോ-സോഷ്യൽ സർവ്വീസസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ തിരഞ്ഞെടുത്ത 500 സ്കൂളുകളിൽ സ്കൂൾ കൗൺസലിംഗ് നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ പുതുക്കിയ ധാരണാ പത്രത്തിൽ സ്കൂൾ കൗൺസിലേഴ്സിന്റെ പ്രവർത്തന മേഖല ഒരു സ്കൂളിൽ നിന്നും ഒന്നിലധികം സ്കൂളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുള്ളതിനാൽ ഏകദേശം ആയിരത്തോളം സ്കൂളുകളെ ഈ പദ്ധതിയ്ക്ക് കീഴിൽ കൊണ്ടുവരാൻ സാധിക്കും. കൂടാതെ 187 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ മാനസിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹരിക്കുക, വ്യക്തിത്വവികസനം, പഠനവൈകല്യം, മാനസിക വളർച്ച വർദ്ധിപ്പിക്കുന്നതിനുള്ള ക്ലാസ്സുകൾ, പരീക്ഷ സംബന്ധിച്ച ഭീതി, കുടുംബപ്രശ്നങ്ങൾ മൂലമുണ്ടാകുന്ന അസ്വസ്ഥതകൾ എന്നിവ പരിഹരിക്കുന്നതിന് കൗൺസിലർമാർ ക്ലാസ്സുകൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. അതോടൊപ്പം ഗ്രൂപ്പ് ചർച്ചകൾ നടത്തി പ്രശ്നപരിഹാരം കണ്ടെത്തുകയും |

| | |
|---|---|
| | ഏതെങ്കിലും കുട്ടികൾക്ക് പ്രത്യേകമായ ശ്രദ്ധയോ ആത്മവിശ്വാസക്കുറവോ തോന്നിയാൽ അവർക്ക് പ്രത്യേക കൗൺസിലിംഗും നടത്തുന്നുണ്ട്. |
| (സി) വിദ്യാലയങ്ങളിലേക്ക് സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ നിയമനം നടത്തുന്നതിന് തസ്തിക സൃഷ്ടിക്കുമോ ; | (സി) സൈക്കോ-സോഷ്യൽ സർവ്വീസ് പദ്ധതി പ്രകാരമുള്ള സ്കൂൾ കൗൺസിലേഴ്സിനെ കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത്. വിദ്യാലയങ്ങളിലേക്ക് കൗൺസിലേഴ്സിന്റെ തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ സാമൂഹ്യനീതി വകുപ്പിന്റെ പരിഗണനയിലില്ല. |
| (ഡി) നിലവിൽ കൗൺസിലർമാരായി സേവനത്തിലുള്ളവരെ സ്ഥിരപ്പെടുത്തുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ? | (ഡി)നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**